പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1757

13/07/2011 -ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം നഗരത്തിലേക്ക് ഇക്കഴിഞ്ഞ പതിനഞ്ച് വർഷങ്ങൾക്കുള്ളിൽ കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി ജമീലാ പ്രകാശം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരം നഗരത്തിലേക്ക് ഇക്കഴിഞ്ഞ പതിനഞ്ച് വർഷങ്ങൾക്കുള്ളിൽ കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ ഏതൊക്കെയാണ്; | എ) | കഴിഞ്ഞ പതിനഞ്ചു വർഷത്തിനുള്ളിൽ പത്ത് ഗ്രാമ പഞ്ചായത്തുകളെയാണ് തിരുവനന്തപുരം നഗരസഭയോട് സംയോജിപ്പിച്ചത്. ഉള്ളൂർ, ആറ്റിപ്ര, നേമം, കടകംപള്ളി, തിരുവല്ലം, ശ്രീകാര്യം, വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, വിഴിഞ്ഞം, കഴക്കൂട്ടം എന്നീ ഗ്രാമ പഞ്ചായത്തുകളെയാണ് നഗരസഭയോട് കൂട്ടിച്ചേർത്തത്. |
| ബി) ഇപ്രകാരം കൂട്ടിച്ചേർത്ത തിരുവനന്തപുരം നഗരത്തിന്റെ ഭാഗമായ പ്രദേശങ്ങളിൽ നഗര വികസനത്തിന്റെ പ്രയോജനം കിട്ടുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) അത്തരം പ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) യും (സി) യും | ഒരിക്കൽ ഗ്രാമ പഞ്ചായത്തുകളെ നഗരസഭയോട് കൂട്ടിച്ചേർത്തു കഴിഞ്ഞാൽ പ്രസ്തുത പ്രദേശങ്ങൾ പിന്നെ നഗരപ്രദേശമാണ്. നഗരസഭയിലെ ഓരോ പ്രദേശത്തിന്റേയും ആവശ്യങ്ങളും പ്രാദേശിക സാഹചര്യങ്ങളും പരിഗണിച്ചു കൊണ്ട് വാർഡുസഭകളിൽ ഉണ്ടാകുന്ന തീരുമാനങ്ങളുടെ വെളിച്ചത്തിലാണ്, നിലവിലെ ആസൂത്രണ പ്രക്രിയയിൽ നഗരസഭയുടെ വികസന പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നത് എന്നതിനാൽ ഏതെങ്കിലുമൊരു പ്രത്യേക പ്രദേശത്ത് നഗരവികസനത്തിന്റെ പ്രയോജനം കിട്ടാത്ത ഒരു സാഹചര്യവും ഉണ്ടാകുന്നില്ല. എന്നാൽ പ്രത്യേകം പരിഗണന ആവശ്യമുള്ള ഒരു പ്രദേശത്തിന്റെ വികസനത്തിന് വേണ്ടി, ആവശ്യമെങ്കിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ